# പതിനാലാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 216 04.06.2018-ൽ മറുപടിക്ക്**

**<u>വരാപ്പുഴ കസ്റ്റഡി മരണം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ഡി. സതീശൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വരാപ്പുഴ കസ്റ്റഡി മരണത്തിൽപ്പെട്ട ശ്രീജിത്തിന്റെ അമ്മയെ ഭീഷണിപ്പെടുത്തിക്കൊണ്ട് കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയോ; | (എ) വരാപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നം.338/2018 ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. |
| (ബി) നേരത്തേ ലഭിച്ച ഭീഷണി കത്ത് ശ്രീജിത്തിന്റെ കുടുംബം പോലീസിന് കൈമാറിയിട്ടും, അതിന്മേൽ ആവശ്യമായ അന്വേഷണം നടത്താതിരുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; | (ബി) ആദ്യ ഭീഷണി കത്ത് ലഭിച്ചതിനെ തുടർന്ന് 26.04.2018-ൽ ശ്രീജിത്തിന്റെ സഹോദരൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ വരാപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നം.338/2018 ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരവേ 04.05.2018-ന് രണ്ടാമത്തെ പരാതി ലഭിക്കുകയും ആയത് ടി കേസ്സിനോട് ചേർത്ത് അന്വേഷണം നടന്ന് വരികയുമാണ്. |
| (സി) റൂറൽ ടൈഗർ ഫോഴ്സിലെ അംഗങ്ങളായ പോലീസുകാർക്കെതിരെയുള്ള പരാതി പിൻവലിച്ചില്ലെങ്കിൽ ശ്രീജിത്തിന്റെ ഗതി സഹോദരൻ സജിത്തിനും ഉണ്ടാകുമെന്ന ഭീഷണി പോലീസ് ഗൗരവമായി പരിഗണിച്ച് ആവശ്യമായ മേൽനടപടി സ്വീകരിക്കുമോ? | (സി) ഇത്തരം പരാതികളുടെ അടിസ്ഥാനത്തിലാണ് ക്രിമിനൽ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നത്. |

**സെക്ഷൻ ഓഫീസർ**